# മധുരമായ കുട്ടികളേ - നിങ്ങളുടെ പഠിത്തത്തിന്റെ മുഴുവൻ ആധാരവും യോഗത്തിലാണ്, യോഗത്തിലൂടെ മാത്രമാണ് ആത്മാവ് പവിത്രമാകുന്നത്, വികർമ്മം നശിക്കുന്നത്

**ചോദ്യം:-** പല കുട്ടികളും ബാബയുടേതായതിന് ശേഷം പിന്നീട് കൈ ഉപേക്ഷിക്കുന്നു, കാരണമെന്താണ്?
**ഉത്തരം:-** ബാബയെ പൂർണ്ണമായ രീതിയിൽ തിരിച്ചറിയാത്തത് കാരണം, പൂർണ്ണമായ നിശ്ചയബുദ്ധിയാകാത്തതു കാരണം 8-10 വർഷത്തിന് ശേഷം പോലും ബാബയെ ഉപേക്ഷിക്കുന്നു, കൈ വിടുന്നു. പദവി ഭ്രഷ്ഠമാകുന്നു. 2 - ക്രിമിനൽ ദൃഷ്ടിയാകുന്നതിലൂടെ മായയുടെ ഗ്രഹപ്പിഴ പിടിക്കുന്നു, അവസ്ഥ കയറിയിറങ്ങിക്കൊണ്ടിരിക്കുന്നു അപ്പോഴും പഠിത്തം ഉപേക്ഷിക്കുന്നു.

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് നമ്മളെല്ലാവരും പരിധിയില്ലാത്ത ആത്മീയ അച്ഛന്റെ മക്കളാണ്. ബാപ്ദാദയെന്ന് പറയുന്നു. ഏതുപോലെയാണോ നിങ്ങൾ ആത്മീയ കുട്ടികളായിരിക്കുന്നത് അതുപോലെ ഈ ബ്രഹ്മാവും ശിവബാബയുടെ ആത്മീയ കുട്ടിയാണ്. ശിവബാബയ്ക്ക് തീർച്ചയായും രഥം വേണ്ടേ അതുകൊണ്ട് ഏതുപോലെയാണോ നിങ്ങൾ ആത്മാക്കൾക്ക് കർമ്മം ചെയ്യുന്നതിന് വേണ്ടി ശരീരം ലഭിച്ചിരിക്കുന്നത്, അതുപോലെ ഇത് ശിവബാബയുടെയും രഥമാണ് എന്തുകൊണ്ടെന്നാൽ ഇത് കർമ്മ ക്ഷേത്രമാണ് ഇവിടെ കർമ്മം ചെയ്യേണ്ടതായുണ്ട്. അതാണ് വീട് അവിടെയാണ് ആത്മാക്കൾ വസിക്കുന്നത്. ആത്മാവ് അറിഞ്ഞിരിക്കുന്നു നമ്മുടെ വീട് ശാന്തിധാമമാണ്, അവിടെ ഈ കളി ഉണ്ടായിരിക്കില്ല. വിളക്കുകൾ മുതയായവയൊന്നും ഉണ്ടായിരിക്കില്ല, കേവലം ആത്മാക്കൾ മാത്രമായിരിക്കും. ഇവിടെ വരുന്നത് പാർട്ടഭിനയിക്കാനാണ്. നിങ്ങളുടെ ബുദ്ധിയിലുണ്ട് - ഇത് പരിധിയില്ലാത്ത നാടകമാണ്. ഏതെല്ലാം അഭിനേതാക്കളുണ്ടോ, അവരുടെ ഭാഗം തുടക്കം മുതൽ അവസാനം വരേയ്ക്കും നിങ്ങൾ കുട്ടികൾക്ക് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് അറിയാം. ഇവിടെ ഒരു സന്യാസിയോ-മുനിയോ അല്ല മനസ്സിലാക്കി തരുന്നത്. ഇവിടെ നമ്മൾ കുട്ടികൾ പരിധിയില്ലാത്ത അച്ഛന്റെ അടുത്താണ് ഇരിക്കുന്നത്, ഇപ്പോൾ നമുക്ക് തിരിച്ച് പോകണം, ആത്മാവിന് തീർച്ചയായും പവിത്രമാകണം. ഇങ്ങനെയില്ല ശരീരത്തിനും ഇവിടെ പവിത്രമാകണം, ഇല്ല. ആത്മാവാണ് പവിത്രമാകുന്നത്. ശരീരം പവിത്രമാകുന്നത് അപ്പോഴാണ് എപ്പോഴാണോ 5 തത്വവും സതോപ്രധാനമാകുന്നത്. ഇപ്പോൾ നിങ്ങളുടെ ആത്മാവ് പുരുഷാർത്ഥം ചെയ്ത് പാവനമായിക്കൊണ്ടിരിക്കുന്നു. അവിടെ ആത്മാവും ശരീരവും രണ്ടും പവിത്രമായിരിക്കും. ഇവിടെ സാധ്യമല്ല. ആത്മാവ് പവിത്രമാകുമ്പോൾ പിന്നീട് പഴയ ശരീരം ഉപേക്ഷിക്കുന്നു, പിന്നീട് പുതിയ തത്വങ്ങളാൽ പുതിയ ശരീരം ഉണ്ടാകുന്നു. നിങ്ങൾക്കറിയാം നമ്മുടെ ആത്മാവ് പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നുണ്ടോ അതോ ഇല്ലയോ? ഈ കാര്യം ഓരോരുത്തർക്കും അവനവനോട് ചോദിക്കണം. പഠിത്തത്തിന്റെ മുഴുവൻ ആധാരവും യോഗത്തിലാണ്. പഠിത്തം സഹജമാണ്, മനസ്സിലാക്കി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, മുഖ്യമായിട്ടുള്ളത് ഓർമ്മ തന്നെയാണ്. ഇത് ഉള്ളിൽ ഗുപ്തമാണ്. കാണാൻ കഴിയില്ല. ബാബയ്ക്ക് പറയാൻ സാധിക്കില്ല അതായത് ഇവർ വളരെയധികം ഓർമ്മിക്കുന്നുണ്ടോ അതോ കുറവാണോ. ശരിയാണ്, ജ്ഞാനത്തെ പ്രതി പറയാൻ സാധിക്കും ഇവർ ജ്ഞാനത്തിൽ വളരെ തീവ്രമാണെന്ന്. ഓർമ്മയുടേത് ഒന്നും കാണാൻ സാധിക്കില്ല. ജ്ഞാനം വായിലൂടെ പറയുന്നു. ഓർമ്മയാണെങ്കിൽ അജപാജപമാണ്. ഇവിടെ ആത്മാവിന് തന്റെ പിതാവിനെ ഓർമ്മിക്കണം.

നിങ്ങൾക്കറിയാം ബാബയെ ഓർമ്മിച്ചോർമ്മിച്ച് പവിത്രമായി മാറി മുക്തിധാമം-ശാന്തിധാമത്തിൽ എത്തിച്ചേരും. അതുകരുതി നാടകത്തിൽ നിന്ന് മുക്തമാകും അങ്ങനെയല്ല. മുക്തിയുടെ അർത്ഥമാണ് ദുഃഖത്തിൽ നിന്നും മുക്തമാകുക, ശാന്തിധാമത്തിലേക്ക് പോകും പിന്നീട് സുഖധാമത്തിലേക്ക് വരും. പവിത്രമായി ആര് മാറുന്നോ അവർ സുഖം അനുഭവിക്കുന്നു. അപവിത്ര മനുഷ്യർ അവരുടെ സേവനം ചെയ്യുന്നു. പവിത്രമായവരുടേതാണ് മഹിമയുള്ളത്, ഇതിൽ തന്നെയാണ് പ്രയത്നവുമുള്ളത്. കണ്ണുകൾ വളരെയധികം ചതിവ് നൽകുന്നു, വീണു പോകുന്നു. ഏറ്റക്കുറച്ചിലുകൾ എല്ലാവർക്കും വരേണ്ടതായുണ്ട്. ഗ്രഹപ്പിഴ എല്ലാവർക്കും വരുന്നു. ബാബ പറയുന്നു കുട്ടികൾക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. പിന്നീട് പറയുന്നു മാതാഗുരു വേണം എന്തുകൊണ്ടെന്നാൽ ഇപ്പോൾ മാതാഗുരു സമ്പ്രദായമാണ് നടക്കുന്നത്. മുൻപ് പിതാക്കൻമാരുടേതായിരുന്നു. ഇപ്പോൾ ആദ്യം കലശം മാതാക്കൾക്കാണ് ലഭിക്കുന്നത്. ഭൂരിപക്ഷം മാതാക്കളാണുള്ളത്, കുമാരിമാരാണ് രാഖി ബന്ധിക്കുന്നത്, പവിത്രതയ്ക്ക് വേണ്ടി. ഭഗവാൻ പറയുന്നു കാമം മഹാശത്രുവാണ്, ഇതിനുമേൽ വിജയിക്കൂ. രക്ഷാബന്ധനം പവിത്രതയുടെ അടയാളമാണ്,

ആളുകൾ രാഖി ബന്ധക്കാറുണ്ട്. എന്നാൽ പവിത്രമാകുന്നില്ല. അതെല്ലാം ക്രിത്രിമമായ രാഖിയാണ്, പാവനമാക്കി മാറ്റുന്ന ആരും തന്നെയില്ല, അതിന് ജ്ഞാനം ആവശ്യമാണ്. ഇപ്പോൾ നിങ്ങൾ രാഖി കെട്ടുന്നു. അർത്ഥവും മനസ്സിലാക്കി കൊടുക്കുന്നു. ഈ പ്രതിജ്ഞ ചെയ്യിക്കുന്നു. ഏതുപോലെയാണോ സിഖ്കാർക്ക് വള അടയാളമായുള്ളത്, എന്നാൽ പവിത്രമാകുന്നൊന്നുമില്ല. പതിതരെ പാവനമാക്കുന്നത്, സർവ്വരുടെയും സദ്ഗതി ദാതാവ് ഒരാളാണ്, അത് ഒരു ദേഹധാരിയല്ല. ജലത്തിന്റെ ഗംഗയെ ഈ കണ്ണുകളിലൂടെ കാണാൻ സാധിക്കും. ബാബ ഏതൊരാളാണോ സദ്ഗതി ദാതാവ്, അവരെ ഈ കണ്ണുകളിലൂടെ കാണാൻ കഴിയില്ല. ആത്മാവ് എന്ത് സാധനമാണെന്ന് ആർക്കും തന്നെ കാണാൻ സാധിക്കില്ല. പറയാറുണ്ട് എന്റെ ശരീരത്തിൽ ആത്മാവുണ്ട്, അതിനെ കണ്ടിട്ടുണ്ടോ? പറയും ഇല്ല. മറ്റെല്ലാ പേരുള്ള വസ്തുക്കളും തീർച്ചയായും കാണാൻ സാധിക്കും.ആത്മാവിന്റെയും പേരുണ്ടല്ലോ. പറയുന്നുമുണ്ട് ഭൃകുടിയുടെ മദ്ധ്യത്തിൽ തിളങ്ങുന്ന അദ്ഭുത നക്ഷത്രം. എന്നാൽ കാണാൻ സാധിക്കുന്നില്ല. പരമാത്മാവിനെയും ഓർമ്മിക്കുകയാണ് ചെയ്യാറുള്ളത്, കാഴ്ചയിൽ ഒന്നും തന്നെ വരില്ല. ലക്ഷ്മീ-നാരായണനെ ഈ കണ്ണുകളിലൂടെ കാണാൻ സാധിക്കും. ശിവലിംഗത്തിന്റെ പൂജ ചെയ്യുന്നുണ്ട് എന്നാൽ അത് യഥാർത്ഥ രീതിയിലല്ലല്ലോ. കണ്ടിട്ടും അറിയുന്നില്ല, പരമാത്മവ് എന്താണെന്ന്. ഇത് ആർക്കും അറിയില്ല. ആത്മാവ് വളരെ ചെറിയ ബിന്ദുവാണ്. കാഴ്ചയിൽ വരില്ല. ആത്മാവിനെയും, പരമാത്മാവിനെയും കാണാൻ സാധിക്കില്ല, അറിയുകയാണ് ചെയ്യുക. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മുടെ ബാബ ഇദ്ദേഹത്തിൽ വന്നിരിക്കുന്നു. ഈ ശരീരത്തിന് ഇതിലെ ആത്മാവുമുണ്ട്, പിന്നീട് ബാബ പറയുന്നു - ഞാൻ ഇദ്ദേഹത്തിന്റെ രഥത്തിൽ വിരാജിതനാണ് അതുകൊണ്ട് ബാപ്ദാദയെന്ന് പറയുന്നു. ഇപ്പോൾ ജേഷ്ഠനെ ഈ കണ്ണുകളിലൂടെ കാണാൻ സാധിക്കും, അച്ഛനെ കാണുന്നില്ല. അറിയാം ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, ആ ബാബ ഈ ശരീരത്തിലൂടെ നമ്മളെ ജ്ഞാനം കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. ബാബ ജ്ഞാനത്തിന്റെ സാഗരൻ പതിത-പാവനനാണ്. നിരാകാരൻ എങ്ങനെ വഴി പറഞ്ഞ് തരും? പ്രേരണയിലൂടെ കാര്യം നടക്കില്ല. ഭഗവാൻ വരുന്നുണ്ട് ഇത് ആർക്കും തന്നെ അറിയില്ല. ശിവ ജയന്തിയും ആഘോഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ഇവിടെ വന്നിട്ടുണ്ടായിരിക്കില്ലേ. നിങ്ങൾക്കറിയാം ഇപ്പോൾ ആ ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബ ഇതിൽ വന്ന് പഠിപ്പിക്കുന്നു ബാബയെ പൂർണ്ണമായ രീതിയിൽ തിരിച്ചറിയാത്തതുകാരണം, നിശ്ചയബുദ്ധിയാകാത്തതുകാരണം 8-10 വർഷങ്ങൾക്ക് ശേഷം പോലും വിട പറയുന്നു. മായ തീർത്തും തന്നെ അന്ധരാക്കുന്നു. ബാബയുടേതായതിന് ശേഷം പിന്നീട് ഉപേക്ഷിച്ചാൽ പദവി ഭ്രഷ്ഠമാകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയുടെ പരിചയം ലഭിച്ചിട്ടുണ്ടെങ്കിൽ മറ്റുള്ളവർക്കും നൽകണം. ഋഷി-മുനി തുടങ്ങിയവർ പോലും അറിയില്ല-അറിയില്ല എന്ന് പറഞ്ഞാണ് പോയത്. മുൻപ് നിങ്ങൾക്കും അറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾ പറയും ഞങ്ങൾക്കറിയാം അപ്പോൾ ആസ്തികരായിരിക്കുന്നു. സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇതും നിങ്ങൾക്കറിയാം. മുഴുവൻ ലോകവും സ്വയം നിങ്ങളും ഈ പഠിത്തത്തിന് മുൻപ് നാസ്തികരായിരുന്നു. ഇപ്പോൾ ബാബ മനസസിലാക്കി തന്നിട്ടുണ്ട് അതുകൊണ്ട് നിങ്ങൾ പറയും ഞങ്ങൾക്ക് പരംപിതാ പരമാത്മാവ് മനസ്സിലാക്കി തന്നിട്ടുണ്ട്, ആസ്തികരാക്കിയിരിക്കുന്നു. ഞങ്ങൾ രചയിതാവിന്റെയും രചനയുടെയും ആദി-മദ്ധ്യ-അന്ത്യത്തെ അറിഞ്ഞിരുന്നില്ല. ബാബയാണ് രചയിതാവ്, ബാബ തന്നെ സംഗമത്തിൽ വന്ന് പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ചെയ്യുന്നു. പഴയ ലോകത്തിന്റെ വിനാശത്തിനാണ് ഈ മഹാഭാരത യുദ്ധമുള്ളത്, അതിനെ പ്രതിയാണ് മനസ്സിലാക്കുന്നത്, ആ സമയത്ത് കൃഷ്ണനുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം - നിരാകാരനായ ബാബ ഉണ്ടായിരുന്നു, ബാബയെ കാണാൻ സാധിക്കില്ല. കൃഷ്ണന്റെ ചിത്രമുണ്ട്, കാണാൻ സാധിക്കും. ശിവനെ കാണാൻ സാധിക്കില്ല. കൃഷ്ണൻ സത്യയുഗത്തിന്റെ രാജകുമാരനാണ്. ആ ഗുണ വിശേഷങ്ങൾ പിന്നീടുണ്ടായിരിക്കുകയുമില്ല. കൃഷ്ണൻ തന്നെ എപ്പോൾ എങ്ങനെയാണ് വന്നത്, ഇതുപോലും ആർക്കും അറിയില്ല. കൃഷ്ണനെ കംസന്റെ ജയിലിലാണ് കാണിക്കുന്നത്. എന്താ കംസൻ സത്യയുഗത്തിൽ ഉണ്ടായിരുന്നോ? ഇതെങ്ങനെ സാധ്യമാകും. കംസനെന്ന് അസുരനെയാണ് പറയുന്നത്. ഈ സമയം മുഴുവനും ആസുരീയ സമ്പ്രദായമല്ലേ. പരസ്പരം വെട്ടിയും-കൊന്നുകൊണ്ടുമിരിക്കുന്നു. ദൈവീക ലോകം ഉണ്ടായിരുന്നു, ഇത് മറന്നു പോയിരിക്കുന്നു. ഈശ്വരീയ ദൈവീക ലോകം ഈശ്വരനാണ് സ്ഥാപിച്ചത്. ഇതും നിങ്ങളുടെ ബുദ്ധിയിലുണ്ട് - നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. ഇപ്പോൾ നിങ്ങൾ ഈശ്വരീയ പരിവാരത്തിലാണ്, പിന്നീട് അവിടെ ദൈവീക പരിവാരത്തിലായിരിക്കും. ഈ സമയം ഈശ്വരൻ നിങ്ങളെ സ്വർഗ്ഗത്തിലെ ദേവീ-ദേവതയാക്കുന്നതിന് യോഗ്യരാക്കി കൊണ്ടിരിക്കുന്നു. ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ സംഗമയുഗത്തെ ആരും തന്നെ അറിയുന്നില്ല. ഒരു ശാസ്ത്രത്തിലും ഈ പുരുഷോത്തമയുഗത്തിന്റെ കാര്യമില്ല. പുരുഷോത്തമയുഗം അർത്ഥം എവിടെയാണോ പുരുഷോത്തമനാകേണ്ടതായുള്ളത്. സത്യയുഗത്തെ പുരുഷോത്തമ യുഗമെന്ന് പറയും. ഈ സമയത്ത് മനുഷ്യർ പുരുഷോത്തമരല്ല. ഇവരെ കനിഷ്ഠ തമോപ്രധാനരെന്ന് പറയും, ഈ കാര്യങ്ങൾ നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ബാബ പറയുന്നു

ഇതാണ് ആസുരീയ ഭ്രഷ്ഠാചാരീ ലോകം. സത്യയുഗത്തിൽ ഇങ്ങനെയുള്ളൊരു വായൂമണ്ഢലം ഉണ്ടായിരിക്കില്ല. അത് ശ്രേഷ്ഠാചാരീ ലോകമായിരുന്നു. അവരുടെ ചിത്രങ്ങളുണ്ട്. തീർത്തും ഇവർ ശ്രേഷ്ഠാചാരീ ലോകത്തിന്റെ അധികാരികളായിരുന്നു. ഭാരതത്തിന്റെ രാജാക്കൻമാരായി കടന്ന് പോയവരാണ് അവരെയാണ് പൂജിക്കുന്നത്. പൂജ്യ പവിത്രരായിരുന്നു, അവർ തന്നെയാണ് പിന്നീട് പൂജാരിയായത്. പൂജാരിയെന്ന് ഭക്തി മാർഗ്ഗത്തെയും, പൂജ്യരെന്ന് ജ്ഞാന മാർഗ്ഗത്തെയുമാണ് പറയുന്നത്. പൂജ്യരിൽ നിന്ന് പൂജാരി, പൂജാരി വീണ്ടും പൂജ്യരായി എങ്ങനെയാണ് മാറുന്നത്. ഇതും നിങ്ങൾക്കറിയാം ഈ ലോകത്തിൽ പൂജ്യനായ ഒരാൾ പോലും ഉണ്ടായിരിക്കുക സാധ്യമല്ല. പൂജ്യരെന്ന് പരംപിതാ പരമാത്മാവിനെയും ദേവതകളെയും മാത്രമാണ് പറയുന്നത്. പരംപിതാ പരമാത്മാവാണ് എല്ലാവർക്കും പൂജ്യനായിട്ടുള്ളത്. എല്ലാ ധർമ്മത്തിലുള്ളവരും അവരുടെ പൂജയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള ബാബയുടെ ജന്മം ഇവിടെ തന്നെയാണ് പാടിയിട്ടുള്ളത്. ശിവ ജയന്തിയില്ലേ. എന്നാൽ മനുഷ്യർക്ക് ഒന്നും അറിയില്ല അതായത് അവരുടെ ജന്മം ഭാരതത്തിലാണ് ഉണ്ടാകുന്നതെന്ന്, ഇന്നാണെങ്കിൽ ശിവജയന്തിക്ക് അവധിപോലും നൽകാറില്ല. ജയന്തി ആഘോഷിക്കുകയോ, ആഘോഷിക്കാതിരിക്കുകയോ നിങ്ങളുടെ കാര്യം. ഔദ്യോഗിക അവധി ദിവസമല്ല. ആരാണോ ശിവ ജയന്തിയെ മാനിക്കാത്തത് അവർ അവരുടെ ജോലിക്ക് പോകുന്നു. വളരെ ധർമ്മങ്ങളില്ലേ. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടായിരിക്കില്ല. അവിടെ ഈ അന്തരീക്ഷമേ ആയിരിക്കില്ല. സത്യയുഗം പുതിയ ലോകമാണ്, ഏക ധർമ്മം. അവിടെ ഇതറിയില്ല നമുക്ക് ശേഷം ചന്ദ്രവംശീ രാജ്യമാകും. ഇവിടെ നിങ്ങൾക്കെല്ലാം അറിയാം-ഇന്ന-ഇന്നതെല്ലാം കടന്ന് പോയിട്ടുണ്ട്. സത്യയുഗത്തിൽ നിങ്ങളായിരിക്കുമ്പോൾ, അവിടെ ഏത് ഭൂതകാലം ഓർമ്മിക്കും? കടന്ന് പോയത് കലിയുഗമാണ്. അതിന്റെ ചരിത്രവും ഭൂമിശാസ്ത്രവും കേൾക്കുന്നതിലൂടെ എന്ത് പ്രയോജനമാണുള്ളത്.

ഇവിടെ നിങ്ങൾക്കറിയാം നമ്മൾ ബാബയോടൊപ്പമാണ് ഇരിക്കുന്നത്. ബാബ ടീച്ചറുമാണ്, സത്ഗുരുവുമാണ്. ബാബ വന്നിരിക്കുന്നു എല്ലാവരുടെയും സത്ഗതി ചെയ്യുന്നതിന്. എല്ലാ ആത്മാക്കളെയും തീർച്ചയായും കൊണ്ട് പോകും. മനുഷ്യരാണെങ്കിൽ ദേഹ-അഭിമാനത്തിൽ വന്നാണ് പറയുന്നത്, എല്ലാം മണ്ണിൽ ചേരാനുള്ളതാണ്. ആത്മാവ് തിരിച്ച് പോകും ഇത് മനസ്സിലാക്കുന്നില്ല, ഈ പഴയ ശരീരം ഇല്ലാതാകുന്നു. നമ്മൾ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് പോയി അടുത്തതെടുക്കുന്നു. ഈ ലോകത്തിൽ ഇത് നമ്മുടെ അന്തിമ ജന്മമാണ്, എല്ലാവരും പതിതമാണ്, സദാ പാവനമായിരിക്കാൻ ആർക്കും സാധിക്കില്ല. സതോപ്രധാനം, സതോ, രജോ, തമോ ആയി തീർച്ചയായും മാറുന്നുണ്ട്. മനുഷ്യർ പറയുന്നത് എല്ലാം ഈശ്വരന്റെ തന്നെ രൂപങ്ങളാണ്, ഈശ്വരൻ തന്റെ അനേകം രൂപങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്, കളിക്കാൻ വേണ്ടി. കണക്കുകളെക്കുറിച്ച് ഒന്നും അറിയില്ല. കളിക്കുന്നവരെക്കുറിച്ചും അറിയുന്നില്ല. ബാബ തന്നെയാണിരുന്ന് വിശ്വത്തിന്റെ ചരിത്രവും-ഭൂമിശാസ്ത്രവും മനസ്സിലാക്കി തരുന്നത്. കളിയിൽ ഓരോരുത്തരുടെയും ഭാഗം വ്യത്യസ്തമാണ്. എല്ലാവരുടെയും സ്ഥാനവും വ്യത്യസ്തമാണ്, ആര് ഏത് സ്ഥാനത്തുള്ളവരാണോ, അതിന്റെ മഹിമയാണ് ഉണ്ടാകുന്നത്. ഇവിടെ നിങ്ങളുടെ ബുദ്ധിയിൽ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം കറങ്ങിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ പേര് തന്നെ സ്വദർശസന ചക്രധാരി എന്നാണ്. ലക്ഷ്മീ-നാരായണനല്ല സ്വദർശന ചക്രം നൽകുന്നത്. ഇത് ഇവിടുത്തേതാണ്. മൂലവതനത്തിൽ കേവലം ആത്മാക്കളാണുള്ളത്, സൂക്ഷ്മവതനത്തിൽ ഒന്നും തന്നെയില്ല. മനുഷ്യർ, മൃഗങ്ങൾ, പശു-പക്ഷികളെല്ലാം ഇവിടെയാണുള്ളത്. സത്യയുഗത്തിൽ മയിലിനെയെല്ലാം കാണിക്കുന്നുണ്ട്. അവിടെ മയിലിന്റെ തൂവലെല്ലാം എടുത്ത് ധരിക്കും അങ്ങനെയൊന്നുമില്ല, മയിലിനൊരിക്കലും ദുഃഖം നൽകില്ല. മയിലിന്റെ പൊഴിഞ്ഞു വീണ പീലിയും കിരീടത്തിൽ വയ്ക്കില്ല. അങ്ങനെ ഒരിക്കലും ചെയ്യില്ല, കിരീടത്തിലും തെറ്റായ അടയാളമാണ് കൊടുത്തത്. അവിടെ എല്ലാം മനോഹരമായ വസ്തുക്കളായിരിക്കും ഉണ്ടായിരിക്കുന്നത്. മോശമായ ഒരു വസ്തുവിന്റേയും പേരോ അടയാളമോ പോലും ഉണ്ടായിരിക്കില്ല. കണുമ്പോൾ വെറുപ്പുണ്ടാകുന്ന ഒരു വസ്തുവും അവിടെ ഉണ്ടയിരിക്കില്ല. ഇവിടെയാണെങ്കിൽ വെറുപ്പ് വരുന്നില്ലേ. അവിടെ മൃഗങ്ങൾക്ക് പോലും ദുഃഖമുണ്ടായിരിക്കില്ല. സത്യയുഗം എത്ര ഫസ്റ്റ്ക്ലാസ്സായിരിക്കും. പേര് തന്നെ സ്വർഗ്ഗം, ഹെവൻ, പുതിയ ലോകം എന്നാണ്. ഇവിടെ ഈ പഴയ ലോകത്തിൽ നോക്കൂ മഴ കാരണം കെട്ടിടം വീണുകൊണ്ടിരിക്കുന്നു. മനുഷ്യർ മരിക്കുന്നു. ഭൂകമ്പമുണ്ടാകും എല്ലാവരും ഞെരുങ്ങി മരിക്കും. സത്യയുഗത്തിൽ വളരെ കുറച്ച് പേരേ ഉണ്ടായിരിക്കൂ പിന്നീട് വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ആദ്യം സൂര്യവംശിയായിരിക്കും. എപ്പോഴാണോ ലോകം 25% പഴയതാകുന്നത് അപ്പോൾ പിറകെ ചന്ദ്രവംശി വരും. സത്യയുഗം 1250 വർഷമാണ്, അതാണ് 100 ശതമാനം പുതിയ ലോകം. അവിടെ ദേവീ-ദേവതകളാണ് രാജ്യം ഭരിക്കുന്നത്. നിങ്ങളിൽ പോലും വളരെ പേർ ഈ കാര്യം മറന്ന് പോകുന്നു. രാജധാനി സ്ഥാപനയാകുക തന്നെ വേണം. നിരാശരാകരുത്. പുരുഷാർത്ഥത്തിന്റെ കാര്യമാണ്. ബാബ എല്ലാ കുട്ടികളെക്കൊണ്ടും ഒരുപോലെയാണ് പുരുഷാർത്ഥം ചെയ്യിക്കുന്നത്. നിങ്ങൾ നിങ്ങൾക്ക് വേണ്ടി

വിശ്വത്തിൽ സ്വർഗ്ഗത്തിന്റെ രാജധാനി സ്ഥാപിക്കുന്നു. അവനവനെ നോക്കണം ഞാൻ എന്താകും? ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ പുരുഷോത്തമ യുഗത്തിൽ സ്വർഗ്ഗത്തിലെ ദേവീ-ദേവതയാകുന്നതിന്റെ പഠിത്തം പഠിച്ച് സ്വയത്തെ യോഗ്യനാക്കണം. പുരുഷാർത്ഥത്തിൽ നിരാശരാകരുത്.

2) ഈ പരിധിയില്ലാത്ത കളിയിൽ ഓരോ അഭിനേതാവിന്റേയും ഭാഗവും സ്ഥാനവും വ്യത്യസ്തമാണ്, ഒരാളുടെ സ്ഥാനം ഏതുപോലെയാണോ അതുപോലെയാണ് അവർക്ക് അംഗീകാരം ലഭിക്കുന്നത്, ഈ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി വിശ്വത്തിന്റെ ചരിത്രത്തെയും ഭൂമിശാസ്ത്രത്തെയും ഓർമ്മിച്ച് സ്വദർശന ചക്രധാരിയാകണം.

## വരദാനം : ബാബയുടെ ഓരോ ശ്രീമതവും പാലിക്കുന്ന സത്യമായ സ്നേഹി പ്രിയതമയായി ഭവിക്കട്ടെ.

ഏതൊരു കുട്ടികളാണോ സദാ ഒരേയൊരു ബാബയുടെ സ്നേഹത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നത്, അവർക്ക് ബാബയുടെ ഓരോ വാക്കുകളും പ്രിയങ്കരമായി അനുഭവപ്പെടുകയും ചോദ്യങ്ങൾ അവസാനിക്കുകയും ചെയ്യും. ബ്രാഹ്മണ ജീവിതത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. ആരാണോ ബാബയുടെ സത്യമായ പ്രിയതമകൾ അവർക്ക് ബാബയുടെ ശ്രീമതം പാലിക്കുവാൻ ഒരിക്കലും പ്രയാസം അനുഭവപ്പെടുകയില്ല. സ്നേഹമുള്ളതിനാൽ സദാ ഈ ഉണർവും ഉത്സാഹവും ഉണ്ടായിരിക്കും ബാബ എന്തു കേൾപ്പിക്കുന്നുവോ അത് എനിക്കുവേണ്ടിയാണ് ഞാൻ അത് ചെയ്യുക തന്നെ ചെയ്യും. സ്നേഹി ആത്മാക്കൾ വലിയ മനസ്സിന്റെ ഉടമകൾ ആയിരിക്കും അതുകൊണ്ട് അവർക്ക് ഏതൊരു വലിയ കാര്യവും ചെറുതായി അനുഭവപ്പെടും.

## സ്ലോഗൻ- ഏതെങ്കിലും ഒരു കാര്യത്തിൽ ഫീലിംഗ്സ് വന്നാൽ അത് ഫൈൽ (തോറ്റു) പോകുന്നതിന്റെ അടയാളമാണ്

**അവ്യക്ത സൂചന: ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.** ജ്വാല സ്വരൂപ സ്ഥിതിയെ അനുഭവം ചെയ്യുവാനായി നിരന്തരമായ ഓർമ്മയുടെ ജ്വാല പ്രജ്വലിപ്പിച്ചുകൊണ്ടിരിക്കു. ഇതിനായുള്ള സഹജമായ വിധിയാണ് സദാ സ്വയം സാരഥിയും സാക്ഷി ആണെന്നും മനസ്സിലാക്കു. ആത്മാവ് ഈ രഥത്തിന്റെ സാരഥിയാണ് ഈ സ്മൃതി സ്വതവേ ഈ രഥത്തിന്റെ (ദേഹത്തിന്റെ) അല്ലെങ്കിൽ ഏതൊരു പ്രകാരത്തിലുമുള്ള ദേഹ അഭിമാനത്തിൽ നിന്നും വേറിട്ട് നിൽക്കുവാൻ സഹായിക്കുന്നു. സ്വയം സാരഥി ആണ് എന്ന് മനസ്സിലാക്കുന്നതിലൂടെ സർവ്വ കർമ്മേന്ദ്രിയങ്ങളെയും നിയന്ത്രിക്കുവാൻ സഹായിക്കുന്നു. സൂക്ഷ്മ ശക്തികൾ 'മനസ്സ് ബുദ്ധി സംസ്കരം' ഇവയും ഓർഡർ അനുസരിച്ച് നിൽക്കും.